ഇ.എം(1)56615/2009

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 14.7.2011
Email: Keralarcs@coop.kerala.gov.in
Website: www.cooperation.kerala.gov.in

# സർക്കുലർ നമ്പർ 54/2011

വിഷയം: സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക് മൂന്ന് ശതമാനം പ്രാതിനിധ്യം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച്

സൂചന:
1) 28.04.2010 ലെ 14953/ലെജി.ബി2/09/ലാ നമ്പർ സർക്കാർ വിജ്ഞാപനം
2) 14.07.1998 ലെ ജി.ഒ(പി)നം.20/98/പി & എ.ആർ.ഡി നമ്പർ സർക്കാർ ഉത്തരവ്
3) 06.08.2005 ലെ ജി.ഒ(പി)നം.119/2205/എസ്.ഡബ്ല്യു.ഡി നമ്പർ സർക്കാർ ഉത്തരവ്
4) സർക്കാരിന്റെ 04/06/2011 ലെ 1302/ബി1/11/സഹ.നമ്പർ കത്ത് ണ്ട

1. കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) നിയമം, 2010 (2010 ലെ 7–ാം നിയമം) അനുസരിച്ച് 1969 ലെ കേരള സഹകരണ സംഘം നിയമത്തിന്റെ 80–ാം വകുപ്പിൽ 28.04.2010 മുതൽ പ്രാബല്യത്തിൽ വന്ന ഉപവകുപ്പ് (5) പ്രകാരം എല്ലാ സഹകരണ സംഘങ്ങളിലും ആകെയുള്ള തസ്തികകളുടെ മൂന്ന് ശതമാനം തസ്തിക, നാൽപ്പത് ശതമാനമോ അതിൽ കൂടുതലോ ശാരീരിക വൈകല്യമുണ്ടെന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയിട്ടുള്ള വ്യക്തികൾക്കായി നീക്കിവെച്ചിട്ടുള്ളതും അവരുടെ നിയമന രീതി നിയമപരമായി നിർദ്ദേശിക്കുന്നത് അനുസരിച്ചായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതുമാകുന്നു. എന്നാൽ ആയതിന്റെ ക്ലിപ്ത നിബന്ധന അനുസരിച്ച് അംഗീകൃത സ്ഥിരം തസ്തികയിലെ ജീവനക്കാരുടെ എണ്ണം പത്തിൽ കൂടുതലും മുപ്പത്തിമൂന്നിൽ കുറവും ഉള്ള സഹകരണ സംഘങ്ങളിൽ കുറഞ്ഞത് ഒരു തസ്തികയും ഇപ്രകാരം ശാരീരിക വൈകല്യമുള്ള ഉദ്യോഗാർത്ഥികൾക്കായി നീക്കിവെക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2. കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 80, ഉപവകുപ്പ് (5) ൽ അനുശാസിക്കുന്ന വിധം നിയമനം നൽകുന്നതിലേക്കായി അംഗീകൃത സ്ഥിരം തസ്തികയിലെ ജീവനക്കാരുടെ എണ്ണം പത്തിൽ കൂടുതലും മുപ്പത്തിമൂന്നിൽ കുറവും ആയ സഹകരണ സംഘങ്ങളിൽ ഒരു തസ്തിക ശാരീരിക വൈകല്യമുള്ള വ്യക്തിക്ക് എന്ന രീതിയിൽ പരമാവധി മൂന്ന്

ശതമാനം എന്ന നിബന്ധനയ്ക്ക് വിധേയമായി ഇപ്രകാരം ശാരീരിക വൈകല്യമുള്ള എത്ര വ്യക്തികളെ നിയമിക്കാം എന്ന് കണക്കാക്കി അതനുസരിച്ചുള്ള തസ്തികകൾ അവർക്കായി നീക്കിവെയ്ക്കാവുന്നതും അനുബന്ധമായി ചേർത്തിരിക്കുന്ന തസ്തികകളിലേക്ക് ഇനിയുണ്ടാകുന്ന ഒഴിവുകളിൽ നിയമനം നൽകാവുന്നവിധം ബന്ധപ്പെട്ട ഭരണസമിതികൾ തീരുമാനം കൈക്കൊണ്ട് സഹകരണ സംഘം നിയമത്തിനും ചട്ടത്തിനും സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾക്കും വിധേയമായി തുടർനടപടികൾ സ്വീകരിച്ച് നിയമനം നൽകേണ്ടതുമാണ്.

3. സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ എണ്ണം നൂറോ അതിൽ കൂടുതലോ ആണെങ്കിൽ 100 വീതമെടുത്ത് **33, 66, 99** എന്നീ ക്രമ നമ്പരുകളിൽ വൈകല്യമുള്ള വ്യക്തികൾക്ക് നിയമനം നൽകിക്കൊണ്ട് മൂന്ന് ശതമാനം സംവരണം പാലിക്കേണ്ടതാണ്.

4. സഹകരണ സംഘങ്ങിലെ ഏതെല്ലാം തസ്തികകളിൽ വൈകല്യമുള്ളവർക്കായി നിയമനം നൽകാം എന്നത് 1995 ലെ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ടിന്റെ 32-ാം വ്യവസ്ഥ അനുസരിച്ച് നിർണ്ണയിക്കുന്നതിന് സൂചന (4) പ്രകാരം സഹകരണ സംഘം രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതുപ്രകാരം സൂചന (2), (3) എന്നിവയുടെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളിൽ നേരിട്ട് നിയമനം നടത്തുന്നതിനായി നിർണ്ണയിച്ചിട്ടുള്ളതും ചുവടെ പറയുന്നതുമായ തസ്തികകളിൽ നിശ്ചിത വിദ്യാഭ്യാസ യോഗ്യത നേടിയ വൈകല്യമുള്ള വ്യക്തികളെ നിയമിക്കാവുന്നതാണ്
   1) ക്ലാർക്ക്
   2) ടൈപ്പിസ്റ്റ്
   3) പ്യൂൺ/അറ്റൻ്റർ

5. ഖണ്ഡിക 4-ൽ വിവരിച്ച തസ്തികകൾ വൈകല്യമുള്ള വ്യക്തികൾക്കായി നീക്കി വെക്കുമ്പോൾ (1) കാഴ്ച്ച വൈകല്യമുള്ളവർ (2) ശ്രവണ വൈകല്യമുള്ളവർ (3) ചലന വൈകല്യമുള്ളവർ/സെറിബ്രൽ പാൽസി എന്ന മുൻഗണനാ ക്രമത്തിൽ **1 : 1 : 1** എന്ന അനുപാതത്തിൽ അവർവർക്ക് അനുയോജ്യമായ തസ്തികകളിൽ മൂന്ന് ശതമാനം സംവരണം പാലിച്ച് നിയമനം നൽകേണ്ടതാണ്

6. വ്യത്യസ്ത വിഭാഗം വൈകല്യമുള്ളവർക്ക്, ഖണ്ഡിക(5) ൽ പറയും പ്രകാരം മുൻഗണന നൽകുമ്പോൾ ഏതെങ്കിലും ഒരു വിഭാഗം വൈകല്യമുള്ളവരുടെ അഭാവം നേരിട്ടാൽ ടി ഒഴിവ് നികത്താതെ നിലനിർത്തിക്കൊണ്ട് പുനർവിജ്ഞാപനം നടത്തേണ്ടതാണ്. പുനർവിജ്ഞാപനത്തിന് ശേഷവും അനുയോജ്യരായവർ ഇല്ലാത്ത സാഹചര്യത്തിൽ മേൽപ്പറഞ്ഞ

മൂന്ന് വിഭാഗത്തിൽ തന്നെ പരസ്പരം മാറ്റി നിയമിക്കേണ്ടതാണ്. എന്നാൽ പുനർ വിജ്ഞാപനത്തിന് ശേഷവും മറ്റ് വൈകല്യമുള്ളവരുടെ അഭാവം നേരിട്ടാൽ അതിലേക്ക് വൈകല്യമില്ലാത്തവരെ നിയമിക്കാവുന്നതാണ്.

7. മൂന്ന് വ്യത്യസ്ത വിഭാഗം വൈകല്യമുള്ളതിൽ ഏതെങ്കിലും ഒരു വിഭാഗ ത്തിലുള്ള ഉദ്യോഗാർത്ഥികൾ സംവരണം ചെയ്യപ്പെട്ട തസ്തികയിലേക്ക് യോഗ്യരല്ലാത്ത സാഹചര്യത്തിൽ മറ്റ് വൈകല്യമുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളെ പരിഗണിച്ച്കൊണ്ട് മൂന്ന് ശതമാനം സംവരണതത്വം പാലിക്കേണ്ടതാണ്.
8. വെകല്യമുള്ള ഉദ്യോഗാർത്ഥികൾക്ക് സഹകരണ സംഘങ്ങളിലെ നിയമന ങ്ങളിൽ ഉയർന്ന പ്രായപരിധിയിൽ, കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 183–ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പത്ത് വർഷത്തെ ഇളവ് അനുവദിക്കേണ്ടതാണ്.

ഒപ്പ്
ഡോ.എസ്.രവീന്ദ്രൻ.ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

# അനുബന്ധം

**സഹകരണ സംഘങ്ങളിലെ നിയമനത്തിൽ വ്യത്യസ്ത വിഭാഗം വൈകല്യമുള്ള വ്യക്തികൾക്ക് അനുയോജ്യമായതെന്ന് നിർണ്ണയിച്ചിട്ടുള്ള തസ്തികകൾ:**

| വിവിധതരം വൈകല്യമുള്ള വ്യക്തികൾ | അനുയോജ്യമായ തസ്തികൾ |
|---|---|
| എ) ബധിരർ, ബധിര–മൂകർ, ഭാഗീക ശ്രവണവൈകല്യമുള്ളവർ<br><br>ബി) ചലന വൈകല്യമുള്ള വ്യക്തികൾ | ക്ലാർക്ക്<br><br>ക്ലാർക്ക് |
| എ) ബധിരർ, ബധിര–മൂകർ, ഭാഗീക ശ്രവണ വൈകല്യമുള്ളവർ<br><br>ബി) ചലന വൈകല്യമുള്ള വ്യക്തികൾ | ടൈപ്പിസ്റ്റ്<br><br>ടൈപ്പിസ്റ്റ് |
| എ) ഭാഗീക കാഴ്ച്ച വൈകല്യമുള്ള വ്യക്തികൾ<br><br>ബി) ഭാഗീക ശ്രവണ വൈകല്യമുള്ള വ്യക്തികൾ<br><br>സി) ചലനവൈകല്യമുള്ള വ്യക്തികൾ | പ്യൂൺ/അറ്റന്റർ<br><br>പ്യൂൺ/അറ്റന്റർ<br><br>പ്യൂൺ/അറ്റന്റർ |